ശ്രീ. കെ. ആർ. നാരായണൻ : യോഗ്യതയുള്ളവർ അപേക്ഷിച്ചിട്ടും നിയമിച്ചിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അറിവില്ല.

ശ്രീ. കെ. ആർ. നാരായണൻ : ചവറയിൽ പരമേശ്വരൻ എന്നൊരാൾ അപേക്ഷിക്കുകയും അപേക്ഷ പരിശോധിക്കാത്തതിനാൽ പരമേശ്വരൻപിള്ള എന്ന പേരിൽ അപേക്ഷിച്ചപ്പോൾ ജോലി കൊടുക്കുകയും പിന്നീട് കാര്യം മനസ്സിലായപ്പോൾ പിരിച്ചുവിടുകയും അതേപറ്റി ഹൈക്കോടതിയിൽ റിട്ട് കൊടുത്തിട്ടുള്ളതായും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനെപ്പറ്റി വല്ല പരാതിയും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയൊരു പരാതിയില്ല. പ്രത്യേകിച്ചും സാങ്കേതിക പരിജ്ഞാനം വേണ്ട ഉദ്യോഗങ്ങളിൽ റിസർവ്വേഷൻ പാലിക്കുന്നതിനു വിഷമമുണ്ട്. പൊതുവിൽ പിന്നോക്കസമുദായങ്ങൾക്കു പ്രാതിനിധ്യം കൊടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതേയവസരത്തിൽ കപ്പാസിറ്റി ഫിക്കേഷനും മറ്റു കാര്യങ്ങളും നോക്കേണ്ടതുണ്ട്.

ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ.

* 1516. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ എറണാകുളം ജില്ലയിൽ നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) എറണാകുളം റീജിയണൽ ബോർഡിലെ അംഗങ്ങൾ ആരെല്ലാം ;

(സി) റീജിയണൽ ബോർഡു സംബന്ധിച്ചിരിക്കുന്നതു് ഏതെല്ലാം തരങ്ങളിന്മേലാണു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) * ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) 1. ശ്രീ. ഇക്കണ്ടവാരിയർ (ചെയർമാൻ)
2. ,, സി. ജെ. മാത്യു, എം. എൽ. എ.
3. ,, അലക്സാണ്ടർ പറമ്പിത്തറ എം. എൽ. എ.
4. ഡോക്ടർ ടി. കെ. മാധവി.
5. ,, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ആഫീസർ, എക്സ് ഓഫിഷ്യോ സെക്രട്ടറി.

(സി) ചെയർമാനും, ഔദ്യോഗിക മെംബറും, എക്സ് ഓഫിഷ്യോ സെക്രട്ടറിയും അതതു ഡിസ്ട്രിക്റ്റിലെ ഇൻഡസ്ട്രീസ് ആഫീസറും ആയിരിക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. ഖാദിഗ്രാമവ്യവസായങ്ങളിലും, അതതു ഡിസ്ട്രിക്റ്റിലെ പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരേയുമാണു് മറ്റംഗങ്ങളായി തിരഞ്ഞെടുക്കുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ബോർഡിൽ രാഷ്ട്രീയ പാർട്ടികൾക്കു പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പൊതുപ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെയാണോ എടുക്കുന്നതെന്നു പറഞ്ഞു. ഏതു പൊതുപ്രവർത്തനമെന്നാണോ ഉദ്ദേശിക്കുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : ഖാദിഗ്രാമവ്യവസായപ്രവർത്തനങ്ങളും മറ്റും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ രണ്ടു എം. എൽ. എ. മാരും ഖാദിഗ്രാമവ്യവസായവുമായി ബന്ധപ്പെട്ടവരാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെന്നാണു് അറിയുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ രണ്ടുപേരും ബോർഡിൽ ഉള്ളപ്പോൾ മറ്റു രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരും അതിൽ ഇല്ലെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : രാഷ്ട്രീയപാർട്ടിയെന്ന പരിഗണനവച്ചുകൊണ്ടല്ല എടുത്തിട്ടുള്ളതു്. നേരേമറിച്ചു് ഖാദിഗ്രാമവ്യവസായവുമായി ബന്ധപ്പെട്ടിട്ടുള്ളവരെയാണു് എടുത്തിട്ടുള്ളതു്. അവർ രാഷ്ട്രീയപാർട്ടിയിൽപെട്ടവരും അല്ലാത്തവരുമാകാം.

ശ്രീ. പി. ടി. ചാക്കോ : ഈ ബോർഡിലുള്ള ചില അംഗങ്ങൾ ഖാദി ധരിക്കുകപോലും ചെയ്യുകയില്ലെന്നും മറ്റു് എം. എൽ. എ. മാർ വളരെക്കാലമായി ഖാദി ധരിക്കുകയെങ്കിലും ചെയ്യുന്നവരാണെന്നും ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ധരിക്കുന്നതും ധരിക്കാത്തതുമൊന്നും നോക്കിയിട്ടില്ല. അതുമായി ബന്ധമുള്ളവരെ എടുക്കുമെന്നാണു് പറഞ്ഞതു്.

ശ്രീ. മാമൻ தாகன் കമിറ്റി.

* 1517. [4] ശ്രീ. എൻ. கணபதி: கீழ் காணும் விஞ்ஞக்களுக்கு தொழிலாளர் இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(എ) ശ്രീ. മാമൻ தாகன் കമിറ്റി അറിക്കയിൻ காப்பி சபை மെമ്പർകளுக்கു കൊടുക്കുപ്പടുമോ;

(ബി) அதன் சுபார்சுகளை சர்க்கார் ഏൻ அமுல் நடத்தவில்ലെ;

(സി) அதன் சிபார்சுகள் കമിറ്റിയിൻ ഏകമനതാക முடிவு செய்யப்பட்டதா ?

തൊഴിൽവകുപ്പുമന്ത്രി ശ്രീ. ടി. വി. തോമസ് :

(എ) തീരുമാനിച്ചിട്ടില്ല.

(ബി), (സി) ഇല്ല. അതുകൊണ്ടു് ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

As the Member was absent the question was put by Shri M. Gopalankutty Nair with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

*Please see Answer to starred question No. * 1516 [3] sub question (a)*

അംബേർ പരിശ്രമാലയം.

1	കമ്പളങ്ങി	7	അങ്കമാലി.
2	കരളിക്കാട്	8	കാലടി
3	തൊട്ടപുഴ	9	കോടനാട്
4	പിറവം	10	വെൻഗ്ലർ
5	പുളപരിയാരം	11	Rescue Home
6	ചെങ്കമനാട്	12	Kattoor (കാട്ടൂർ)

ബീക്കീപ്പിംഗ് സബ് സ്റ്റേഷൻ.

1 മൂവാറ്റുപുഴ
2 കാലടി
3 ഇലഞ്ഞി
4 ആരക്കുഴ
5 തൊട്ടപുഴ

ബ്ലോക്ക് യൂണിറ്റുകളും, ബീകീപ്പിംഗും.

Rs. 410/- per each unit.

1. മാള 2. ചാലക്കുടി 3 അങ്കമാലി 4. മൂവാറ്റുപുഴ

Rs 412/- per each unit.

1 തൊട്ടപുഴ

ഗാമോദ്യോഗ ഭവൻ.

1 എറണാകുളം.

നോട്ട്:— 1. എറണാകുളത്തു് ഒരു വീവിംഗ് സെൻറർ തുടങ്ങുന്നതിനാവശ്യമായ നടപടികളും പൂർത്തീകരിച്ചിരിക്കുകയാണു്. അടുത്തു തന്നെ അതു് പ്രവർത്തനമാരംഭിക്കും.

2. എറണാകുളം ഡർബാർഹാളിൽ ഒരു ഖാദിഗ്രാമ വ്യവസായ കരകൌശല വസ്തുക്കളും പ്രദർശിപ്പിക്കുന്നതിനും ഒരു മ്യൂസിയം തുറക്കുന്നതിനും ബോർഡു് തീരുമാനമെടുത്തിട്ടുണ്ടു്. അതിന്റെ പ്രാരംഭപ്രവർത്തനങ്ങളും തുടങ്ങിയിരിക്കുകയാണു്.

2/681/V.

LIBRARY ARCHIVES Kerala Legislative Assembly